

## സാൻജോഭവൻ കോതമംഗലം

സ്ഥാപനം : 1996

സാൻജോ പ്രസ്സിൽ ജോലി ചെയ്യുന്ന സിസ്റ്റേഴ്സും കുട്ടികളും താമസിക്കുന്ന ഭവനമാണിത്. വികലാംഗ പെൺകുട്ടികൾക്കുള്ള ജോലി സാധ്യതയ്ക്കുവേണ്ടി വിമലഭവനോടനുബന്ധിച്ച് ഒരു പ്രസ്സ് തുടങ്ങാനായിരുന്നു പ്ലാൻ ചെയ്തത്. പ്രസ്സ് കോതമംഗലത്തായിരിക്കുന്നതാണ് ഉചിതമെന്ന് രൂപതാധികാരികൾ അഭിപ്രായപ്പെട്ടപ്പോൾ പ്രസ്സ് കോതമംഗലത്ത് ആരംഭിക്കുകയാണ് ചെയ്തത്. ആവശ്യമായ സ്ഥലം ഇലഞ്ഞിക്കൽ ശ്രീ. ഇ. പി. ജോസഫിൽ നിന്നും ആരാധനാമഠത്തിന്റെ ചെലവിൽ വാങ്ങിച്ചു. ഇവിടെ കെട്ടിടം പണിത് 1996-ൽ വെഞ്ചരിച്ച് പ്രസ്സും മഠവും ആരംഭിച്ചു. ബ. ജേക്കബ്ബ് കുന്നപ്പിള്ളി അച്ചൻവഴി അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ നല്കിയ പണം കൊണ്ടാണ് കെട്ടിടം തീർത്തത്. പ്രസ്സിലേയ്ക്കുള്ള മിഷ്യനുകളെല്ലാം പ്രൊവിൻസിന്റെ സോഷ്യൽവർക്ക് ഫണ്ടുകൊണ്ടാണ്. രൂപതയുടെ വകയായി തൊടുപുഴ വെൽഫെയർ സെന്ററിൽ നടത്തിയിരുന്ന നോട്ട്ബുക്ക് നിർമ്മാണ പദ്ധതി 2005-ൽ പ്രസ്സിലേയ്ക്ക് മാറ്റി. സ്ഥല പരിമിതി മൂലം 2016-ൽ നോട്ടുബുക്ക് നിർമ്മാണം ഇവിടെ നിന്ന് മാറ്റി. സിസ്റ്റേഴ്സ് പ്രസ്സിൽ ജോലി ചെയ്യുന്നതോടൊപ്പം ഇടവകയുടെ വിവിധ പ്രവർത്തനമേഖലകളിലും ശുശ്രൂഷ ചെയ്യുന്നു.